(സി) ഓരോ ജില്ലാ ബാങ്കും കൈത്തറി സംഘങ്ങൾക്ക് നൽകുന്ന വായ്പകളുടെ പലിശ വ്യത്യസ്തമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവിധ ജില്ലാ ബാങ്കുകൾ കൈത്തറി സംഘങ്ങൾക്ക് നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന പലിശ എത്ര ശതമാനം വീതമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ ബാങ്കുകൾ കൈത്തറി സംഘങ്ങൾക്ക് നൽകുന്ന വായ്പകളുടെ ജില്ല തിരിച്ചുള്ള പലിശ നിരക്ക് താഴെ ചേർത്തിരിക്കുന്നു.

	ജില്ലാ സഹകരണ ബാങ്ക്		പലിശ നിരക്ക്
1.	തിരുവനന്തപുരം	-	12.5%
2.	കൊല്ലം	-	11%
3.	ആലപ്പുഴ	-	12%
4.	പത്തനംതിട്ട	-	9.5%, 11.5%
5.	ഇടുക്കി	-	9.5%
6.	കോട്ടയം	-	11.5%
7.	എറണാകുളം	-	12%
8.	തൃശ്ശൂർ	-	11%
9.	മലപ്പുറം	-	10%
10.	പാലക്കാട്	-	11%
11.	കോഴിക്കോട്	-	12%
12.	വയനാട്	-	(വായ്പ നൽകിയിട്ടില്ല)
13.	കണ്ണൂർ	-	12%
14.	കാസറഗോഡ്	-	11%

സർവ്വീസ് സഹകരണ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷന്റെ പരിധിയിൽപ്പെടുത്തുവാനുള്ള നയം

132 [542] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവീസ് സഹകരണ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷന്റെ പരിധിയിൽ പെടുത്തുവാനുള്ള കേന്ദ്ര ഗവൺമെന്റ് നയത്തിനെതിരായി ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത നയം, സഹകരണ ബാങ്കുകൾക്ക് പ്രാമുഖ്യമുള്ള കേരളത്തിനെയാണ് ഏറ്റവും ദോഷകരമായി ബാധിക്കുന്നത് എന്ന വസ്തുത കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) അർബൻ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷന്റെ പരിധിയിൽപ്പെടുത്തിയത് മൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഭേദഗതി നിർദ്ദേശം പിൻവലിക്കണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് നേരിട്ടും രേഖാമൂലവും ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭേദഗതി നിർദ്ദേശം പാർലമെന്റിൽ ചർച്ചയ്ക്കുവരുമ്പോൾ യുക്തമായ നടപടി സ്വീകരിക്കണമെന്ന് കേരളത്തിലെ എല്ലാ രാജ്യസഭാ/ലോകസഭാ അംഗങ്ങളോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

ഇതിനു പുറമെ കൽക്കത്തയിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതിനായി ചേർന്ന രാജ്യത്തെ എല്ലാ സഹകരണ വകുപ്പുമന്ത്രിമാരുടേയും യോഗത്തിൽ പങ്കെടുക്കുകയും പ്രസ്തുത യോഗത്തിൽ ടി ഭേദഗതി നിർദ്ദേശം പിൻവലിക്കുവാൻ കേന്ദ്രഗവൺമെന്റിനോട് പ്രമേയംമൂലം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1966 മാർച്ച് 1 മുതലാണ് അർബൻ സഹകരണ ബാങ്കുകളെ ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നത്. ഇതുമൂലം കേരളത്തിലെ സഹകരണ അർബൻ ബാങ്കുകൾക്കുണ്ടായിട്ടുള്ള നേട്ടങ്ങളേയും കോട്ടങ്ങളേയും ശാസ്ത്രീയമായി വിലയിരുത്തുന്നതിന് ഇതുവരെയും പ്രത്യേകമായി നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ നിക്ഷേപ ഇനത്തിലും നിക്ഷേപകർക്ക് ഡെപ്പോസിറ്റ് ഗ്യാരന്റി നൽകാനും ബാങ്കിംഗ് റഗുലേഷന്റെ പരിധിയിൽ കൊണ്ടുവന്നതുമൂലം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സഹകരണസംഘം രജിസ്ട്രാറുടേയും റിസർവ്വ് ബാങ്കിന്റേയും ഇരട്ട നിയന്ത്രണങ്ങളും, ബൈലാ വ്യവസ്ഥകളും, കേരള സഹകരണ നിയമം/ചട്ടം എന്നിവയിലെ വ്യവസ്ഥകളും കണക്കിലെടുക്കാതെയും സംസ്ഥാനത്തിന്റെ പ്രത്യേകതകൾ, സഹകരണ പ്രസ്ഥാനങ്ങൾ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ കണക്കിലെടുക്കാതെയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന റിസർവ് ബാങ്കിന്റെ നടപടികളും സഹകരണസ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് തടസ്സമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly